# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5087**

23.03.2018-ലെ മറുപടി

## കേരള ജല അതോറിറ്റിക്കുണ്ടാകുന്ന ജലനഷ്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള ജല അതോറിറ്റി പ്രതിദിനം വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ 45 ശതമാനവും കണക്കിൽപെടാതെ നഷ്ടപ്പെടുന്നുവെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രതിദിനം ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ; | (ബി) ഇതു സംബന്ധിച്ചുള്ള വിശദമായ പഠനം നടത്തിയിട്ടില്ല . കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദന ശേഷിയും ആകെ ബില്ല ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനം ലഭിക്കാത്ത വെള്ളത്തിന്റെ അളവ് (Non -Revenue Water ) ഏകദേശം 45 % ത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ചോർച്ച മൂലമുള്ള ജല നഷ്ടവും (Physical Loss ) വാണിജ്യ നഷ്ടവും (commercial Loss ) ഉൾപ്പെടുന്നു. ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ഉൽപാദിപ്പിച്ചു വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് നിർണ്ണയിക്കാനായി ജല ശുദ്ധീകരണശാലകളിലും പ്രധാന വിതരണ പൈപ്പുകളിലും ബൾക്ക് മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. ഇത്തരം മീറ്ററുകൾ സ്ഥാപിച്ച ശേഷം മാത്രമേ ജല നഷ്ടത്തിന്റെ തോത് കൃത്യമായി നിർണ്ണയിക്കാൻ കഴിയുകയുള്ളൂ . |
| (സി) അറ്റകുറ്റപ്പണികൾക്കായി പ്രധാന നഗരങ്ങളിൽ മാത്രമുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉദ്ദേശിക്കുന്നുണ്ട്.<br>എല്ലാ ജില്ല ആസ്ഥാനങ്ങളിലും ബ്ലൂ ബ്രിഗേഡ് നടപ്പാക്കാനുള്ള നിർദ്ദേശം ഇതിനോടകം തന്നെ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ